(സി) ഇല്ലെങ്കിൽ എത്ര നാളായിട്ടാണ് ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തത് ; ഇതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) മാർച്ച് 2010-ന് ശേഷമുള്ള പെൻഷൻ ഏകീകരണംമൂലം ഉണ്ടായ ഒഴിവുകളെത്രയാണ് ;

(ഇ) നിലവിൽ വില്ലേജ് എക്റ്റൻഷൻ ഓഫീസറായി എംപ്ലോയ്മെന്റിൽ നിന്നും ആളുകൾ ജോലി ചെയ്യുന്നുണ്ടോ ; എങ്കിൽ ഇവർക്ക് ചട്ടപ്രകാരമുള്ള 6 മാസത്തെ പരിശീലനം നൽകിയാണോ നിയമനം നൽകിയിട്ടുള്ളത് ;

(എഫ്) നിലവിലുള്ള ഒഴിവുകൾ കണക്കാക്കുമ്പോൾ എംപ്ലോയ്മെന്റ് മുഖേന ജോലി ചെയ്യുന്നവരുടെ ഒഴിവുകൾ കൂടി പരിഗണിക്കുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഗ്രാമ വികസന വകുപ്പിൽ വില്ലേജ് എക്സറ്റൻഷൻ ഓഫീസർ മാരുടേയും ലേഡി വില്ലേജ് എക്സറ്റൻഷൻ ഓഫീസർമാരുടേയും തസ്തിക വില്ലേജ് എക്സറ്റൻഷൻ ഓഫീസർ എന്ന പേരിൽ ഏകീകരിച്ചതിനാൽ ഇപ്പോൾ ഒരുമിച്ചാണ് പരീക്ഷ നടത്തുന്നത്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ് ജില്ലാടിസ്ഥാനത്തിൽ ഈ തസ്തികകളിലേയ്ക്ക് പരീക്ഷ നടത്തുന്നത്. കാലാവധി സംബന്ധിച്ച വിവരം പി.എസ്.സി.യോട് ആരാഞ്ഞിട്ടുണ്ട്. പത്തനംതിട്ട ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളിലും വി.ഇ.ഒ. മാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 1862 പേരെ നിയമനത്തിനായി ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 662 പേർ നിയമനത്തിന് മുമ്പുള്ള പ്രീസർവ്വീസ് ട്രെയിനിംഗിന് ഹാജരായി. പ്രീസർവ്വീസ് ട്രെയിനിംഗിന് ഹാജരാകാത്തവരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ബാധകമല്ല.

(ഡി) മാർച്ച് 2010-ന് ശേഷമുള്ള പെൻഷൻ ഏകീകരണംമൂലം ഉണ്ടായ ഒഴിവുകൾ തിട്ടപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. ഇവർക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നുണ്ട്.

(എഫ്) എംപ്ലോയ്മെന്റ് മുഖേന ജോലി ചെയ്യുന്നവരുടെ ഒഴിവുകൾ കൂടി പരിഗണിച്ചാണ് ആകെ ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നത്.

ഡ്രൈവർമാരുടെയും ഓണറേറിയം ജീവനക്കാരുടെയും നിയമനം

156 (6074) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അനുബന്ധ വകുപ്പ് ഓഫീസുകളിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

ഡ്രൈവർമാർ, ഓണറേറിയം ജീവനക്കാർ തുടങ്ങി വിവിധ തസ്തികകളിൽ താല്ക്കാലിക ജീവനക്കാരായി എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) ഈ കണക്ക് തസ്തിക തിരിച്ച് ലഭ്യമാക്കുമോ ;

(സി) ഇവർക്ക് നൽകിവരുന്ന ദിവസ വേതനം എത്ര രൂപയാണ് ;

(ഡി) ഇവരുടെ സേവന വ്യവസ്ഥകൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചു വരുന്നു.

ദിവസവേതനക്കാരായ ഡ്രൈവർമാർ

157 (6075) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ദിവസ വേതനക്കാരായ എത്ര ഡ്രൈവർമാർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരെ സ്ഥിരപ്പെടുത്തുവാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

ദിവസവേതനക്കാരായ ഡ്രൈവർമാരെ സ്ഥിരപ്പെടുത്താൻ നടപടി

158 (6076) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ പത്തും പതിനഞ്ചും വർഷമായി ദിവസക്കൂലിക്ക് ജോലി ചെയ്യുന്ന എത്ര ഡ്രൈവർമാരാണ് നിലവിലുള്ളത് ;

(ബി) എട്ടു വർഷമായി കെ.എസ്.ആർ.ടി.സി. യിൽ ജോലി ചെയ്യുന്ന ഡ്രൈവർമാരെ സ്ഥിരപ്പെടുത്തിയ മാനദണ്ഡത്തിൽ പഞ്ചായത്ത് വാഹനങ്ങളിലെ ദിവസവേതനക്കാരായ പത്തിലധികം വർഷം സേവനമനുഷ്ഠിക്കുന്നവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) സ്ഥിരപ്പെടുത്തുന്നതുവരെ ഇവർക്ക് നൽകുന്ന ദിവസവേതനം പുതുക്കി നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly